വ്യാപാര സ്ഥാപനങ്ങളിൽ കർശനമായ പരിശോധന നടത്തണമെന്നും നിയമം ലംഘിക്കുന്നവരെ കണ്ടെത്തി ശിക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇത്തരം ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതിനെതിരെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തിവരുന്നു.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചട്ടങ്ങൾ പ്രകാരമാണ് നിയമം ലംഘിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. 1986-ലെ പരിസ്ഥിതി സംരക്ഷണനിയമം അനുസരിച്ചാണ് ശിക്ഷാനടപടികൾ എടുക്കേണ്ടത് പ്ലാസ്റ്റിക് ബാഗുകളുടെ ഉൽപ്പാദനം നിയന്ത്രിക്കാനും, നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് സഞ്ചികൾ ഉൽപ്പാദനം നടത്തുന്നില്ല എന്നുറപ്പാക്കേണ്ടതിനുമുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 10000 എണ്ണംവരെ പുതുതായോ പുനരുപയോഗംവഴിയോ പുനഃചംക്രമണംവഴിയോ ഉല്പാദിപ്പിക്കുന്നതായോ കൈകാര്യം ചെയ്യുന്നതായോ ശ്രദ്ധയിൽപ്പെടുന്ന അധികാരികൾ, അത് രേഖാമൂലം ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ഇന്ത്യൻ പീനൽ കോഡിന്റെ 188-ാം വകുപ്പ് പ്രകാരം ശിക്ഷാനടപടികൾ കൈക്കൊള്ളാനായി റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും, 10000 എണ്ണത്തിൽ കൂടുതലാണെങ്കിൽ ആയത് രേഖാമൂലം ജില്ലാ കളക്ടർക്കോ മലിനീകരണ നിയന്ത്രണബോർഡ് ജില്ലാ ഓഫീസർമാർക്കോ പരിസ്ഥിതി നിയമത്തിന്റെ 15, 19 വകുപ്പുകൾ പ്രകാരം ശിക്ഷാനടപടികൾ കൈക്കൊള്ളുവാനായി റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് 29-3-2007-ലെ പി.സി.ബി./എൽ/3120/2005 നമ്പർ സർക്കുലർ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും നിയമം ലംഘിച്ച് വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ഈടാക്കാറുമുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങൾ ഇടക്കിടെ പരിശോധന നടത്തി നിയമം ലംഘിക്കുന്നവരെകണ്ടെത്തി പിഴ ഈടാക്കാറുണ്ട്. ഇവരിൽനിന്നും പിഴ ഈടാക്കിയത് സംബന്ധിച്ച് ലഭ്യമായ കണക്കനുസരിച്ച് ഇതുവരെ 56 വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 1,27,597 വ്യാപാര സ്ഥാപനങ്ങളിൽനിന്നുമായി 14,26,232 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികൾ

136 (1606) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ ;

(സി) എന്തൊക്കെ പരിശീലന പരിപാടികളാണ് ഇവിടെ നടത്തിവരുന്നത് ;

(ഡി) ഈ കേന്ദ്രങ്ങൾ ആരംഭിച്ചശേഷം ഇതുവരെ എത്ര പേർക്ക് ഹ്രസ്വകാല പരിശീലനം നൽകിയിട്ടുണ്ട് ;

(ഇ) ഇനിയും ഇത്തരം പുതിയ സെന്ററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്ന പദ്ധതി, അഭ്യസ്ത വിദ്യരായ ന്യൂനപക്ഷ യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി, മദ്രസ്സാദ്ധ്യാപകർക്കുള്ള ക്ഷേമനിധി പെൻഷൻ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ സദാ ജലലഭ്യത ഉറപ്പുവരുത്തിയ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് കോംപ്ലക്സുകളും, യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്ന പദ്ധതി എന്നിവയാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ന്യൂനപക്ഷ വകുപ്പ് രൂപീകരിച്ചു. കളക്ടറേറ്റുകളിൽ ന്യൂനപക്ഷ കാര്യങ്ങൾക്കായി പുതിയ സെക്ഷനുകൾ അനുവദിച്ചു.

(ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ്

137 (1607) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ് രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിൽ ത്രിതല പഞ്ചായത്തു സംവിധാനത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly